**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 125** **08-08-2023 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ വർഷങ്ങളായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത കെട്ടിടത്തിൽ സ്റ്റേഷൻ പ്രവർത്തനത്തിനുള്ള സൗകര്യങ്ങൾ വളരെ കുറവാണെന്നുമുള്ള കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി 29.06.2022 ലെ സ.ഉ.(സാധാ)നം.1796/2022/ആഭ്യന്തരം പ്രകാരം അടങ്കൽ തുകയായ 2,55,93,000/-രൂപ (രണ്ട് കോടി അമ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരം രൂപ മാത്രം) യ്ക്ക് 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആദ്യഘട്ട നിർമ്മാണത്തിനായി 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | കെട്ടിട നിർമ്മാണം ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നതെന്നും നിർമ്മാണ പുരോഗതി എന്താണെന്നും അറിയിക്കാമോ; | (സി) | പ്രസ്തുത നിർമ്മാണ പ്രവർത്തികൾക്കായി കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ജോലികൾ (പൈലിംഗ് വർക്ക്) നടന്നു വരുന്നു. |
| (ഡി) | പ്രസ്തുത കെട്ടിടത്തിലെ സൗകര്യങ്ങൾ എന്തൊക്കെയാണെന്നും നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ? | (ഡി) | **പ്രസ്തുത കെട്ടിടത്തിലെ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.** ഗ്രൗണ്ട് ഫ്ളോർ: സ്റ്റേഷൻ ഹെഡ് ഓഫീസ്, സബ് ഇൻസ്പെക്ടറുടെ റൂം, ചൈൽഡ് ഫ്രണ്ട്ലി റൂം, ഡിസേബിൾഡ് ഫ്രണ്ട്ലി ടോയ്‌ലറ്റ്, ലോക്കപ്പ് റൂം, തൊണ്ടി റൂം, റെക്കോർഡ് റൂം, പബ്ലിക് ടോയ്‌ലറ്റ്, ആയുധപ്പുര. ഫസ്റ്റ് ഫ്ളോർ: കോൺഫറൻസ് ഹാൾ, ക്രൈം ഇൻവെസ്റ്റിഗേഷൻ റൂം, ചോദ്യോത്തരമുറി എന്നീ സൗകര്യങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. **നിർമ്മാണ പ്രവൃത്തി 2024 ഫെബ്രുവരി അവസാനത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.** |

സെക്ഷൻ ഓഫീസർ